(എ) ഹോട്ടൽ റിസപ്ഷൻ, ബുക്ക് കീപ്പിംഗ് ആൻഡ് ടൈപ്പ് റൈറ്റിംഗ്.
(ബി) റസ്റ്റാറന്റ് ആൻഡ് കൗണ്ടർ സർവീസസ്
(സി) കുക്കറി
(ഡി) ക്യാനിംഗ് ആൻഡ് ഫുഡ് പ്രിസർവേഷൻ
(ഇ) ഹൗസ് കീപ്പിംഗ്
(എഫ്) ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫുഡ് സർവീസസ് മാനേജ്മെന്റ്.
(ജി) ബേക്കറി ആൻഡ് കൺഫക്ഷണറി

വീട്ടമ്മമാർക്കുള്ള മൂന്നുമാസത്തെ പാർട് ടൈം കോഴ്സ് (കളമശേരി)

(എ) കുക്കറി
(ബി) ബേക്കറി ആൻഡ് കൺഫക്ഷണറി.

അഡ്ഹോക്ക് ഹ്രസ്വകാല കോഴ്സുകൾ (കളമശേരി)

(എ) റെസ്റ്റാറന്റ് സർവീസസ് (2 മാസം)
(ബി) ഗുഡ് ഹോസ്റ്റസ് (3 മാസം)

2. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ എക്സ്റ്റൻഷൻ സെന്ററുകളിലെ ഏക വർഷ കോഴ്സുകൾ

(എ) ഹോട്ടൽ റിസപ്ഷൻ, ബുക്ക് കീപ്പിംഗ് ആൻഡ് ടൈപ്പ് റൈറ്റിംഗ്
(ബി) റസ്റ്റാറന്റ് ആൻഡ് കൗണ്ടർ സർവീസസ്
(സി) കുക്കറി
(ഡി) സെന്ററുകളിലെ വീട്ടമ്മമാർക്കുള്ള പാർട് ടൈം കോഴ്സ്
(എ) കുക്കറി (3 മാസം)

ടി സെന്ററുകളിലെ അഡ്ഹോക്ക് ഹ്രസ്വകാല കോഴ്സ്
റസ്റ്റാറന്റ് സർവീസ് (2 മാസം)

3. കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിലെ എക്സ്റ്റൻഷൻ സെന്ററുകളിൽ പരിശീലനം നൽകുന്ന കോഴ്സ്

ഹോട്ടൽ റിസപ്ഷൻ, ബുക്ക് കീപ്പിംഗ് ആൻഡ് ടൈപ്പ്റൈറ്റിംഗ്

4. കോതമംഗലത്തെ എക്സ്റ്റൻഷൻ യൂണിറ്റിൽ പരിശീലനം നൽകുന്ന കോഴ്സ്

റസ്റ്റാറന്റ് ആൻഡ് കൗണ്ടർ സർവീസസ്

(സി) അതെ.

പ്രൊഫസർ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട്

1207. [1816] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പ്രൊഫസർ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഡോക്ടർ മാർക്കും ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് സർവകലാശാലാ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കേരള കോഴിക്കോട് സർവകലാശാലകളുടെ സെനറ്റിന്റെ പുനർഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്. കോഴിക്കോടു സർവ്വകലാശാലാ സെനറ്റിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആലപ്പുഴയിൽ സ്ഥാപിക്കാൻ നടപടി

1208. [1816] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ ഒരു ഡപ്യൂട്ടി ഡയറക്ടർ ഓഫീസ് ആലപ്പുഴയിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ ട്രെയിനിംഗ് കോളേജ്

1209. [1819] ശ്രീ. പി കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, പി. സീതിഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

മലപ്പുറം ജില്ലയിൽ പുതിയ ട്രെയിനിംഗ് കോളേജ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പുതിയ കോളേജുകൾ തുടങ്ങുന്നതിനെപ്പറ്റി തീരുമാനം ആയിട്ടില്ല.

മലപ്പുറം ജില്ലയിലെ ട്രെയിനിംഗ് സ്കൂളുകൾ

1210. [1820] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1961-ന് ശേഷം മലപ്പുറം ജില്ലയിൽ ട്രെയിനിംഗ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇവിടെ അടിയന്തിരമായി ട്രെയിനിംഗ് സ്കൂളുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly